സംസ്ഥാന ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

2 (4330) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീർപ്പുകൽപ്പിക്കുന്നതിനും ഓരോ വകുപ്പുകളും മുഖ്യമന്ത്രിക്ക്, പ്രതിമാസ റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ ;

(ബി) അതുപ്രകാരം എല്ലാ വകുപ്പുകളും പ്രതിമാസ റിപ്പോർട്ടുകൾ സമർപ്പിക്കുന്നുണ്ടോ ;

(സി) ഇതു അവലോകനം ചെയ്യുന്നതിന് മുഖ്യമന്ത്രി പ്രത്യേക മീറ്റിംഗുകൾ നടത്തിയിരുന്നോ ; വിശദാംശം നൽകുമോ ;

(ഡി) ഇതിലൂടെ ഫയൽ തീർപ്പാക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

സംസ്ഥാന ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീർപ്പുകൽപ്പിക്കുന്നതിനും വേണ്ടി സെക്രട്ടേറിയറ്റിലെ ഓരോ വകുപ്പുകളും, പ്രതിമാസ റിപ്പോർട്ട് എല്ലാ മാസവും 10-ാം തീയതി മുഖ്യമന്ത്രിക്ക് സമർപ്പിക്കണമെന്ന് 23-2-2008-ലെ 17221/എ.ആർ13(2)/07/ഉ.ഭ.പ.വ.നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി - ഡി) വിവരം ശേഖരിച്ചു വരുന്നു.

പദ്ധതി പ്രവർത്തനങ്ങളിൽ വകുപ്പുകളുടെ ഏകോപനമില്ലായ്മ

3 (4331) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മ പദ്ധതി പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇക്കാര്യത്തിൽ ഇനിയും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിന്റെ മികവാണ് മെച്ചപ്പെട്ട പദ്ധതി പുരോഗതിക്ക് കാരണം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

കേന്ദ്ര സർക്കാരിനു സമർപ്പിക്കുന്ന പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിന് സംവിധാനം

4 (4332) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിന് സംസ്ഥാനം സമർപ്പിക്കുന്ന പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിന് കേരള ഹൗസിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ഏതെല്ലാം പദ്ധതികളാണ് ഈ വിഭാഗത്തിന്റെ അടിയന്തര പരിഗണനയിലുള്ളത് ;

(സി) കേരളത്തിൽ നിന്നുള്ള എം.പി. മാർക്ക് ഈ സെല്ലിൽ നിന്നും ആവശ്യമായ വിവരങ്ങൾ നൽകുന്നുണ്ടോ ;

(ഡി) സംസ്ഥാനം കേന്ദ്രസർക്കാരിനു നൽകുന്ന പദ്ധതികളെ സംബന്ധിച്ച സമയബന്ധിത പരിശോധനാ സംവിധാനം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനുള്ള സംവിധാനം എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

കേന്ദ്രസർക്കാരിന് സംസ്ഥാനം സമർപ്പിക്കുന്ന പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിന് ഡൽഹി കേരള ഹൗസിൽ റസിഡന്റ് കമ്മീഷണറുടെ മേൽനോട്ടത്തിൽ ഒരു ലെയ്സൺ വിംഗ് പ്രവർത്തിക്കുന്നുണ്ട്.

(ബി) വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് കൊച്ചി മോട്രോറെയിൽ പദ്ധതി, ഐ.ഐ.ടി., കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, കോസ്റ്റൽ സോൺ മാനേജ്മെന്റ്, ഉൾനാടൻ ജലഗതാഗതം, സുനാമി ദുരിതാശ്വാസം; വെട്ടിക്കുറച്ച അരിവിഹിതം പുനഃസ്ഥാപിക്കൽ, കുട്ടനാട് പാക്കേജ്, എ.പി.എൽ. അരിവിഹിതം, തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ചിനായുള്ള അനുമതി, അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കായുള്ള പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി, ദേശീയ അതിവേഗ പാത നെറ്റ് വർക്കിൽ കേരളത്തേയും ഉൾപ്പെടുത്തൽ, പാലക്കാട് ജില്ലയിൽ റെയിൽ കോച്ച് ഫാക്ടറി സ്ഥാപിക്കുന്നത്, മലബാർ കാൻസർ സെന്റർ, ആലപ്പുഴ ടി.ഡി.എം.ഓങ്കോളജി സെന്റർ, പിന്നോക്ക വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതി വിഹിതം, സംസ്ഥാന പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസഹായം ലഭ്യമാക്കുക എന്നിങ്ങനെ വിവിധ പദ്ധതികൾ ലെയ്സൺ വിഭാഗത്തിന്റെ അടിയന്തര പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly